No. CEE/3600/ KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ-2021
## അഡ്മിറ്റ് കാർഡുകൾ ഓൺലൈനായി ലഭ്യമാക്കി

2021 ആഗസ്റ്റ് 5 ന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും, മുംബൈ, ന്യൂഡൽഹി, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തുന്ന കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **2021 ജൂലൈ 17–ാം തീയതി** മുതൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **KEAM 2021-Candidate Portal** എന്ന ലിങ്ക് വഴി ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അപേക്ഷകർ അവരുടെ അപേക്ഷാ നമ്പരും, പാസ്സ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകരുടെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Admit Card'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

അപ്‌ലോഡ് ചെയ്ത ഫോട്ടോഗ്രാഫ്, ഒപ്പ് എന്നിവയിൽ അപാകമുള്ള അപേക്ഷകരുടെയും, അപേക്ഷാ ഫീസിന്റെ ബാക്കി തുക ഒടുക്കാനുള്ളവരുടെയും അപേക്ഷകരുടെ പേര് തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാൻ ആവശ്യപ്പെട്ട് മെമ്മോ ഉള്ളവരുടെയും അഡ്മിറ്റ് കാർഡ് പോർട്ടലിൽ ലഭ്യമാക്കിയിട്ടില്ല. ഈ അപേക്ഷകർ പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ഈ ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നതാണ്. **2021 ജൂലൈ 21 ഉച്ചയ്ക്ക് 2 മണിക്ക്** മുൻപായി പ്രസ്തുത അപാകതകൾ പരിഹരിക്കാത്തവരുടെ അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കുന്നതല്ല.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരുടെ കാൻഡിഡേറ്റ് പോർട്ടലിൽ നൽകിയിട്ടുള്ള Forgot Application Number എന്ന ലിങ്ക് ഉപയോഗിച്ച് ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

വിശദമായ വിവരങ്ങൾക്ക് വെബ് സൈറ്റ് സന്ദർശിക്കുക

ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300

തിരുവനന്തപുരം
17.07.2021

പ്രവേശന പരീക്ഷാ കമ്മീഷണർ